കേരള നിയമസഭാ നടപടികൾ

ഏഴാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

1985 ജൂലായ് 25, വ്യാഴം

വാല്യം LXIV] ഔദ്യോഗിക റിപ്പോർട്ട്. [നമ്പർ 16

നിയമസഭ 1985 ജൂലായ് 25-ാം തീയതി വ്യാഴാഴ്ച രാവിലെ 8.30 ന് ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കറുടെ അദ്ധ്യക്ഷതയിൽ അസംബ്ലി ചേംബറിൽ കൂടി.

I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു)

(i) വാങ്മൂലം നൽകുന്ന ഉത്തരങ്ങൾ

ഓണക്കാലത്ത് കൂടുതൽ അരി വിതരണം ചെയ്യുന്നതിന് നടപടി

* 285 [343] ശ്രീ. കെ. പി. അരവിന്ദാക്ഷൻ ;
,, എ. കെ. പത്മനാഭൻ ;
,, കെ. മൂസ്സക്കുട്ടി :
,, ടി. കെ. ഹംസ :
,, എം. വി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ക്ഷേമവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഓണക്കാലത്ത് വിതരണം ചെയ്യുന്നതിനുവേണ്ടി സംസ്ഥാനത്തിന് കൂടുതൽ അരി തരണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ എത്രമാത്രം അരി ഓണക്കാലത്ത് വിതരണം ചെയ്യാൻ കഴിയും ;

(സി) ഓണക്കാലത്ത് റേഷൻ ഷാപ്പുകളിലൂടെ സംസ്ഥാനത്തൊട്ടാകെ പുഴുക്കലരി തന്നെ, വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ ;

(ഡി) ഓണക്കാലത്തേക്കുള്ള റേഷൻ അരി വിതരണത്തിന്റെ തോത് എന്തായിരിക്കുമെന്ന് പറയാമോ ?

ക്ഷേമവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. യു. എ. ബീരാൻ) :

(എ) ഉണ്ട്.

(ബി) കേന്ദ്രത്തിൽനിന്നുള്ള ലഭ്യതയെ ആശ്രയിച്ചിരിക്കുന്നു.

LIBRARY ARCHIVES Kerala.Legislative Assembly

(സി) ഓണക്കാലത്ത് കഴിയുന്നിടത്തോളം പുഴുക്കലരിതന്നെ വിതരണം ചെയ്യുവാൻ വേണ്ട നടപടി സ്വീകരിക്കണമെന്ന് എഫ്. സി. ഐ. അധികൃതരോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ഡി) കേന്ദ്രത്തിൽനിന്നും ഉള്ള ലഭ്യത അനുസരിച്ച് വിതരണത്തിന്റെ തോത് നിശ്ചയിക്കുന്നതാണ്.

ശ്രീ. കെ. പി. അരവിന്ദാക്ഷൻ : ഓണക്കാലത്തെ അരി വിതരണം കേന്ദ്രത്തിൽനിന്നുള്ള അരിയുടെ ലഭ്യതയെ ആശ്രയിച്ചിരിക്കുന്നുവെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞു. ഈ ഓണക്കാലത്ത് എത്ര അരി കൊടുക്കുവാൻ കഴിയും ? അരിയുടെ തോത് കൂട്ടിക്കൊടുക്കുവാൻ കഴിയും എന്ന് ഉറപ്പു പറയുവാൻ കഴിയുമോ ? കിട്ടിയെങ്കിൽ കൊടുക്കും എന്നല്ലേ ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞതിന്റെ അർത്ഥം.

ശ്രീ. യു. എ. ബീരാൻ : അരി കേന്ദ്രത്തിൽനിന്നും കിട്ടേണ്ടതാണ്. അത് കിട്ടിയതിനുശേഷമേ തീർച്ചപ്പെടുത്തുവാൻ കഴിയൂ.

ശ്രീ. കെ. പി. അരവിന്ദാക്ഷൻ : കേന്ദ്രത്തിൽനിന്നും അരി കിട്ടേണ്ടതാണ്. അത് കിട്ടിയതിനുശേഷമേ തീർച്ചപ്പെടുത്തുവാൻ സാധിക്കുകയുള്ളു എന്നു പറഞ്ഞു. കിട്ടിയില്ലെങ്കിൽ കൊടുക്കുവാൻ സാധിക്കുകയില്ല. ഓണക്കാലത്ത് കൂടുതൽ റേഷൻ നൽകുന്നതിനുവേണ്ടി കൂടുതൽ അരി ആവശ്യപ്പെട്ടോ ? റേഷൻകടവഴിയും മറ്റ് ന്യായവില ഷാപ്പുകൾവഴിയും കൂടുതൽ അരി കൊടുക്കുന്നതിന് എന്തെങ്കിലും സംവിധാനമുണ്ടോ ? അതേക്കുറിച്ച് ആലോചിച്ചിട്ടുണ്ടോ ?

ശ്രീ. യു. എ. ബീരാൻ : ഓണക്കാലത്ത് കൂടുതൽ അരി വിതരണം ചെയ്യുന്നതിനുവേണ്ടി നമ്മുടെ വിഹിതം വർദ്ധിപ്പിച്ചുതരുന്നതിന് കേന്ദ്ര ഗവൺമെൻറിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. അത് കിട്ടുന്ന മുറയ്ക്ക് ഓണക്കാലത്ത് അരി വിതരണം ചെയ്യുന്നതാണ്.

ശ്രീ. എ. കെ. പത്മനാഭൻ : ജൂൺ മാസത്തിൽ കേന്ദ്രത്തിൽനിന്നും എത്ര ടൺ അരിയാണ് സംസ്ഥാനത്തിന് ലഭിച്ചിട്ടുള്ളത് ?

ശ്രീ. യു. എ. ബീരാൻ : ജൂൺ മാസത്തിൽ ഒരുലക്ഷത്തിപതിനയ്യായിരം ടൺ അരിയാണ് ലഭിച്ചിട്ടുള്ളത്.

ശ്രീ. എ. കെ. പത്മനാഭൻ : എത്ര ടൺ അരിയാണ് ആവശ്യപ്പെട്ടിരുന്നത് ?

ശ്രീ. യു. എ. ബീരാൻ : പ്രതിമാസം ഒരുലക്ഷത്തിപതിനായിരം ടൺ അരിയാണ് തന്നുകൊണ്ടിരുന്നത്. ജൂൺ മുതൽ ഒക്ടോബർ വരെയുള്ള കാലഘട്ടത്തിൽ 25 000 ടൺ അരികൂടി വർദ്ധിപ്പിച്ചുതരണമെന്ന് ആവശ്യപ്പെട്ടിരിക്കുകയാണ്. അങ്ങനെ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ജൂൺ മാസത്തിൽ അയ്യായിരം ടൺ അരിയും ജൂലൈ മാസത്തിൽ പതിനായിരം ടൺ അരിയും, ആഗസ്റ്റ് മാസത്തിൽ പതിനയ്യായിരം ടൺ അരിയും വർദ്ധിപ്പിച്ചിട്ടുണ്ട്.

ശ്രീ. സി. കെ. ചക്രപാണി : ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞത് കേന്ദ്രത്തിൽനിന്നും അരി കിട്ടിയാൽ കൊടുക്കും എന്നാണ്. അല്ലെങ്കിൽ കൊടുക്കില്ല. ജൂൺ മാസം ഒരുലക്ഷത്തിപതിനയ്യായിരം ടൺ അരി കിട്ടി എന്നു പറഞ്ഞു. നമ്മൾ ആവശ്യപ്പെട്ടത് ഒരുലക്ഷത്തിഇരുപത്തയ്യായിരം ടൺ അരിയാണ്. ഓണക്കാലത്തേക്ക് കൂടുതൽ അരി കിട്ടുന്നതിന് കേന്ദ്ര ഗവൺമെൻറിൽ സമ്മർദ്ദം ചെലുത്താൻ തയ്യാറുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. യു. എ. ബീരാൻ : പഞ്ഞമാസങ്ങളിൽ റേഷൻ വിഹിതം വർദ്ധിപ്പിക്കുന്നതിനുവേണ്ടി അലോട്ട്മെന്റ് വർദ്ധിപ്പിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് സമ്മർദ്ദം ചെലുത്തിക്കൊണ്ടിരിക്കുകയാണ്. അതിനുവേണ്ടി പല പ്രാവശ്യം ക്ഷ്യവകുപ്പുമന്ത്രി എന്ന നിലയിൽ ഞാൻ കേന്ദ്രത്തിലേക്ക് എഴുതുകയും പിന്നീട് മുഖ്യമന്ത്രിയെക്കൊണ്ട് എഴുതിക്കുകയും ചെയ്തു. അതിന്റെ ഫലമായിട്ടാണ് ഇപ്പോൾ അലോട്ട്മെന്റിൽ കുറെ വർദ്ധനവ് വന്നിട്ടുള്ളത്. കഴിഞ്ഞ വർഷവും ഓണക്കാലത്ത് കൂടുതൽ അരി വിതരണം ചെയ്യുവാൻ സാധിച്ചു. ഈ വർഷവും കൂടുതൽ അരി വിതരണം ചെയ്യാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ശ്രീ. കെ. ചന്ദ്രശേഖരൻ : പഞ്ചാബ് സൂപ്പർഫൈൻ എന്നു പറയുന്ന ഇരുമ്പരി ഇരുപത്തയ്യായിരം ടൺ ബാക്കി കിടക്കുന്നുണ്ട് എന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞു. കൂടാതെ മോശപ്പെട്ട മറ്റുതരത്തിലുള്ള അരിയും ഉണ്ട്. ഈ അരിയൊക്കെ വച്ചിരിക്കുന്നത് വലിയ അപകടകരമാണെന്നുള്ളത് കണക്കിലെടുത്തുകൊണ്ട് അടിയന്തിരമായി ഇത് തിരിച്ചയക്കുന്നതിനും ഇത്തരത്തിലുള്ള അരി ഓണക്കാലത്ത് പുറത്തെടുക്കാതിരിക്കുന്നതിനും ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകുമോ ?

ശ്രീ. യു. എ. ബീരാൻ : പഞ്ചാബ് സൂപ്പർ ഫൈൻ എന്ന ഇരുമ്പരി കേരളത്തിന് തരരുത് എന്ന് ആവശ്യപ്പെടുകയും അതനുസരിച്ച് തരുകയില്ല എന്ന് അവർ തീരുമാനമെടുക്കുകയും ചെയ്തിട്ടുണ്ട്. ഇരുമ്പരി ഇപ്പോൾ തരുന്നില്ല. പക്ഷേ ആ തീരുമാനമെടുക്കുന്ന അവസരത്തിൽ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ ഏതാണ്ട് 21,000 ടൺ അരി എഫ്.സി.ഐ.യുടെ കയ്യിൽ കേരളാ സ്റ്റോറോക്കായി ഉണ്ടായിരുന്നു. അതുമാത്രമേയുള്ളൂ. അല്ലാതെ ഇരുമ്പരി ലഭിക്കുന്നില്ല.

ശ്രീ. ജി. വരദൻ : മോശപ്പെട്ട പച്ചരി, മനുഷ്യനു ഭക്ഷിക്കാൻ സാധിക്കാത്ത അരി, തോട്ടം മേഖലയിൽ കൊടുക്കുന്നതിനു ഗവൺമെന്റിന്റെ പ്രത്യേക നിർദ്ദേശം എന്തെങ്കിലും ഉണ്ടോ ? ഇല്ലെങ്കിൽ നല്ല അരി ആ പ്രദേശത്തുള്ളവർക്ക് കൊടുക്കുന്നതിനുള്ള നടപടികൾ ബഹുമാനപ്പെട്ട മന്ത്രി ദയവായി സ്വീകരിക്കുമോ ?

ശ്രീ. യു. എ. ബീരാൻ : തോട്ടംമേഖലയിലൊക്കെ നല്ല അരിതന്നെ വിതരണം ചെയ്യണമെന്ന് പ്രത്യേക നിർദ്ദേശം എഫ്.സി.ഐ.ക്കാർക്ക് നൽകിയിട്ടുണ്ട്.

ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ : ഈ ജൂലൈ ആഗസ്റ്റ് മാസങ്ങളിൽ യഥാക്രമം അയ്യായിരം, പതിനായിരം ടൺ അരിവീതം കൂടുതൽ തരാം എന്ന് കേന്ദ്രം സമ്മതിച്ചു എന്നാണ് ബഹുമാനപ്പെട്ട മന്ത്രി അറിയിച്ചത്. കേരളത്തിന് ഒരുലക്ഷത്തിമുപ്പത്തയ്യായിരം ടൺ അരിവീതം കഴിഞ്ഞ വർഷങ്ങളിൽ തുടർച്ചയായി മാസംതോറും നൽകിയിരുന്നതാണ്. ഒരുലക്ഷത്തിമുപ്പത്തയ്യായിരം ടൺ അരി ഓണം പ്രമാണിച്ച് ഇപ്പോൾ കിട്ടും എന്നാണ് പറയുന്നത്. തുടർച്ചയായി എല്ലാ മാസവും കിട്ടിക്കൊണ്ടിരുന്ന അരി ഇപ്പോൾ തുടർച്ചയായി എല്ലാ മാസവും കിട്ടാത്തത് വേണ്ടത്ര സമ്മർദ്ദം ചെലുത്താത്തതുകൊണ്ടല്ലേ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. യു. എ. ബീരാൻ : ബഹുമാനപ്പെട്ട മെമ്പർ മനസ്സിലാക്കിയിട്ടുള്ളത് ശരിയല്ല. ഒരുലക്ഷത്തി മുപ്പത്തയ്യായിരം ടൺ അരി ഒരിക്കലും തരാറില്ല. മുൻ ഗവൺമെൻറിൻെറ കാലത്തും ഇല്ല. മുൻ ഗവൺമെൻറിൻെറ കാലത്ത്, വളരെ മുൻപ് ഉണ്ടായിരുന്നു. ആ ഗവൺമെൻറ്, അനുവദിച്ച അത്രയും അരി ഡ്രാപ്പെയ്യാത്തതുകൊണ്ട് ലാപ്സായിപ്പോയി. അതുകൊണ്ട് അലോട്ടുമെൻറ് 90,000 ടണ്ണായി കുറച്ചു. ഈ ഗവൺമെൻറ് വന്നതിനുശേഷം ആവശ്യപ്പെട്ടതനുസരിച്ച് 1,10,000 ടൺ ആയി അത് വർദ്ധിപ്പിച്ചു. 1,10,000 ടൺ അരിയാണ് ലഭിക്കുന്നത്. 1,35,000 ടൺ അരി ലഭിക്കുന്നില്ല.

ശ്രീ. എം. വി. രാഘവൻ : ഇവിടെ ചോദ്യോത്തരവേളയിൽത്തന്നെ മറുപടി പറഞ്ഞപ്പോഴും 1,35,000 ടൺ അരി കിട്ടിയ മാസങ്ങളെപ്പറ്റി പറഞ്ഞിട്ടുണ്ട്. ബഹുമാനപ്പെട്ട മന്ത്രി ഇങ്ങനെ സഭയെ തെറ്റിദ്ധരിപ്പിക്കരുത്. ഓണക്കാലത്തെ അരിയുടെ ലഭ്യതയെക്കുറിച്ച് ഇവിടെ പറയുകയുണ്ടായി. ഇപ്പോഴും എത്ര ഗ്രാമാണ് കൊടുക്കുന്നത്? ഇപ്പോഴും കൊടുക്കുന്ന തോതനുസരിച്ച് എത്ര ടൺ അരി വേണം? ഓണക്കാലത്തേക്ക് കൂട്ടിക്കൊടുക്കുവാൻ ഉദ്ദേശമുണ്ടോ? അങ്ങനെ വർദ്ധിപ്പിച്ചാൽ എത്ര ടൺ അരി വേണം? കേന്ദ്ര ഗവൺമെൻറിൽനിന്ന് എന്താണ് പ്രതീക്ഷിക്കുന്നത്? അതിൻെറ കണക്ക് തരാമോ?

ശ്രീ. യു. എ. ബീരാൻ : ബഹുമാനപ്പെട്ട മെമ്പർ വരുന്നതിനുമുൻപേ ഞാൻ ഇതു പറഞ്ഞുകഴിഞ്ഞതാണ്. ബഹുമാനപ്പെട്ട മെമ്പർ ആദ്യം പറഞ്ഞ കാര്യം ശരിയല്ല. ഒരുലക്ഷത്തി മുപ്പത്തയ്യായിരം ടൺ എപ്പോഴും കിട്ടിയെന്നും അത് എന്തുകൊണ്ട് പിന്നീട് 90,000 ടൺ ആക്കി കുറച്ചത് എന്നും അത് പിന്നീട് 1,10,000 ടൺ ആക്കി വർദ്ധിപ്പിച്ചതിൻെറ കണക്കും ഒക്കെ ഇവിടെ മുൻപ് അവതരിപ്പിച്ചതാണ്. ബഹുമാനപ്പെട്ട മെമ്പറുടെ ചോദ്യത്തിൻെറ രണ്ടാമത്തെ ഭാഗത്തിനുത്തരം പറയാം. കൂടുതൽ അരി കൊടുക്കാൻതന്നെയാണ് ഉദ്ദേശിക്കുന്നത്. അതിനുവേണ്ടി നമ്മുടെ അരിയുടെ അലോട്ടുമെൻറ് വർദ്ധിപ്പിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. ഇപ്പോഴും ഓരോ യൂണിറ്റിനും 220 ഗ്രാം വീതമാണ് കൊടുക്കുന്നത്.

ശ്രീ. എം. വി. രാഘവൻ : ഓണക്കാലത്ത് എത്രവീതമാണ് കൊടുക്കുവാൻ ഉദ്ദേശിക്കുന്നത് എന്നാണ് ചോദിച്ചത്. ഇപ്പോഴും കൊടുക്കുന്നത് 220 ഗ്രാം അരിയാണെങ്കിൽ 240 ഗ്രാം അരി അർഹതയുള്ളവർക്ക് കൊടുക്കുന്നതിന് എത്ര ടൺ അരി വേണം? ഓണക്കാലത്ത് വർദ്ധിപ്പിക്കുന്നത് എത്രയാണ്? അങ്ങനെ വർദ്ധിപ്പിച്ചാൽ ഇനി എത്ര ടൺ അരികൂടി വേണം? അതിൽ കേന്ദ്രഗവൺമെൻറിൽനിന്നും എത്ര കിട്ടുമെന്നാണ് പ്രതീക്ഷിക്കുന്നത്?

ശ്രീ. യു. എ. ബീരാൻ : അതാണ് ഞാൻ നേരത്തെ പറഞ്ഞത്. ഒരുലക്ഷത്തിപതിനായിരം ടൺ അരി എന്നതിൽനിന്നും നമ്മുടെ വിഹിതം ഒരുലക്ഷത്തിമുപ്പത്തയ്യായിരം ടണ്ണാക്കി വർദ്ധിപ്പിക്കണമെന്നാണ് ആവശ്യപ്പെട്ടിട്ടുള്ളത്. അങ്ങനെ ചെയ്യുമ്പോഴും 20 ഗ്രാം അരികൂടി വർദ്ധിപ്പിച്ചുകൊടുക്കുവാൻ സാധിക്കും. അതുമാത്രമല്ല അതിൽനിന്നും മിച്ചം വച്ചുകൊണ്ട് കഴിഞ്ഞ ജൂൺ മാസത്തിൽ എല്ലാ കാർഡ് ഉടമകൾക്കും രണ്ടു കിലോഗ്രാം അരിവീതം കൂടുതലായികൊടുത്തു. അതുപോലെതന്നെ കഴിഞ്ഞ ഓണക്കാലത്ത് അഞ്ചു കിലോഗ്രാം അരി കൂടുതൽ കൊടുത്തു. ഈ ഓണക്കാലത്തും കൂടുതൽ അരി കൊടുക്കുവാൻകഴിയും എന്നാണ് പ്രതീക്ഷിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. ദിനകരൻ : അരിയുടെ ദൗർലഭ്യം വളരെയധികം അനുഭവപ്പെടുന്ന ഒരു സമയമാണ് ഇത്. കൂനിൻമേൽകുരു എന്ന രീതിയിൽ പ്രകൃതിക്ഷോഭംമൂലം കൃഷി നശിച്ചിരിക്കുന്ന ഈ സാഹചര്യത്തിൽ എല്ലാ കാർഡ് ഉടമകൾക്കും റേഷൻകടകളിൽനിന്നും അഞ്ചു കിലോഗ്രാം അരിവീതം കൊടുക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. യു. എ. ബീരാൻ : പ്രകൃതിക്ഷോഭം ഉണ്ടായിട്ടുണ്ടെന്നും അതുകൊണ്ട് ഇവിടെ അധികം ബുദ്ധിമുട്ട് ഉണ്ടെന്നും പഞ്ചമാസങ്ങളിൽ ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾക്ക് പുറമേയാണ് ഇതെന്നും അതുകൊണ്ട് കേരളത്തിന്റെ അരിവിഹിതം വർദ്ധിപ്പിക്കണമെന്നുമാണ് ശക്തിയായി കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുള്ളത്.

ശ്രീ. കെ. ഇ. ഇസ്മയിൽ : കാലവർഷക്കെടുതിയുടെ ഫലമായി നമ്മുടെ സംസ്ഥാനത്തൊട്ടാകെ അരിയുടെ വില ഗണ്യമായി വർദ്ധിച്ചിട്ടുണ്ടെന്ന് ഇന്നലെ ഒരു സബ്മിഷനു മറുപടിപറഞ്ഞ അവസരത്തിൽ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. അങ്ങനെ അരിയുടെവില ഗണ്യമായി വർദ്ധിക്കുകയും പഞ്ചമാസങ്ങളിലേക്ക് കടക്കുകയുംചെയ്യുന്ന ഈ സാഹചര്യത്തിൽ എന്തുവില കൊടുത്തും ഒരു നിശ്ചിത വിലക്ക് റേഷൻകടകളിലൂടെ അരി വിതരണം ചെയ്യുന്നതിനുവേണ്ടി ഭരണപക്ഷ-പ്രതിപക്ഷ വ്യത്യാസം കൂടാതെ കേന്ദ്രഗവൺമെൻറിനോട് അരിതരണമെന്നാവശ്യപ്പെടാൻ ഗവൺമെൻറ് തയ്യാറാകുമോ?

ശ്രീ. യു. എ. ബീരാൻ : ഗവൺമെൻറിന് ആ കാര്യത്തിൽ സന്തോഷമേയുള്ളൂ.

ശ്രീ. പി. വി. കുഞ്ഞിക്കണ്ണൻ : ഇവിടെ ജൂൺ മാസത്തിൽ 5,000 ടണ്ണും ജൂലൈ മാസത്തിൽ 10,000 ടണ്ണും കിട്ടി എന്നുപറഞ്ഞു. എന്നാൽ ഈ 10,000 ടൺ കിട്ടിയമാസത്തിൽ മുൻമാസങ്ങളിൽ കൊടുത്തതിനേക്കാളും കൂടുതൽഗ്രാം റേഷൻഷാപ്പിൽക്കൂടി കൊടുക്കുന്നില്ല. മുൻകാലത്ത് കൊടുത്തതുതന്നെയാണ് കൊടുക്കുന്നത്. 10,000 ടൺ അരിറേഷൻ വർദ്ധിപ്പിക്കാൻ പഞ്ചമാസങ്ങളിൽ കിട്ടണമെന്നു പറഞ്ഞിട്ട് രണ്ടു കിലോ കൊടുത്തു, മൂന്നു കിലോ കൊടുത്തു എന്നാണ് പറയുന്നത്. ആ ഗ്രാമിൽ എന്തെങ്കിലും വർദ്ധനവ് വരുത്തിയിട്ടുണ്ടോ?

ശ്രീ. യു. എ. ബീരാൻ : ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ശരിയാണ്. 10,000 ടൺ കൂടുതൽ കിട്ടിയതുകൊണ്ട് ഗ്രാം വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടില്ല. അതിന് രണ്ടു മൂന്നു കാരണങ്ങളുണ്ട്. ഒന്നാമത് കഴിഞ്ഞ ജൂൺ മാസത്തിൽ നമ്മൾ രണ്ടു കിലോഗ്രാം അരി കൂടുതൽ കൊടുത്തു ഓരോ കാർഡുടമയ്ക്കും. അതിനുപുറമേ ജൂലൈമാസം നിർഭാഗ്യവശാൽ അഞ്ച് ആഴ്ചയുള്ള മാസമാണ്. അതുകൊണ്ട് അഞ്ചു പ്രാവശ്യമായിട്ട് അരി വിതരണം ചെയ്യണം. ഈവക കാരണങ്ങൾകൊണ്ടാണ് കൂടുതൽ കൊടുക്കാൻ കഴിയാതിരുന്നത്. അടുത്ത മാസം കൂടുതൽ ലഭിക്കുമ്പോൾ അത് വർദ്ധിപ്പിക്കാൻ ശ്രമിക്കുന്നതാണ്.

ശ്രീ. രാഘവൻ പൊഴക്കടവിൽ : എല്ലാവർഷവും ഓണക്കാലത്ത് കൂടുതൽ അരി കേന്ദ്രഗവൺമെൻറ് അലോട്ട്ചെയ്തു തരാറുള്ളതാണ്. ഇത്തവണയും അങ്ങനെയൊരു സംശയത്തിന് വകയുണ്ടോ? കൂടുതൽ അരി കിട്ടുമെന്നാണോ പ്രതീക്ഷിക്കേണ്ടത്?

ശ്രീ. യു. എ. ബീരാൻ : ഓണക്കാലത്ത് കൂടുതൽ അരി കിട്ടുമെന്നുതന്നെയാണ് പ്രതീക്ഷിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly